4. നികുതിദായകരിൽ നിന്നും ഈടാക്കുന്ന പലിശയും പിഴകളും വീതം വയ്ക്കപ്പെടുന്ന നികുതി തുകയുടെ കീഴിൽ കൊണ്ടുവരിക.

5. എക്സൈസ് ഡ്യൂട്ടിയുടെ നിലവിലുള്ള 40 ശതമാനം വിഹിതം 47.5 ശതമാനമായി ഉയർത്തുക

6. നിലവിലുള്ള അധിക എക്സൈസ് തീരുവ കേന്ദ്രം ഈടാക്കുന്ന രീതി അലസാനിപ്പിച്ച് വില്പന നികുതി പിരിക്കുന്നതിനുള്ള അധികാരം സംസ്ഥാനങ്ങൾക്കു നൽകുക.

7. റെയിൽവേ യാത്രക്കൂലിയിൻമേലുള്ള നികുതിയുടെ പകരമുള്ള ഗ്രാന്റ് നിലവിലുള്ള 10.7 ശതമാനത്തിൽ നിന്നും മൊത്തം നികുതി വരുമാനവും പരോക്ഷ നികുതി വരുമാനവും തമ്മിലുള്ള അനുപാത വർദ്ധനവിനനുസരിച്ച് വർദ്ധിപിക്കുക.

8. കേന്ദ്ര നികുതികളുടെ മൊത്ത വരുമാനത്തിന്റെ 10 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുക.

9. ദുരിതാശ്വാസ നിധിയിലെ കേന്ദ്രവിഹിതം 90 ശതമാനമായി ഉയർത്തുക.

10. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം (എസ്.ഡി.പി.) ഋണബാദ്ധ്യതയുമായുള്ള അനുപതം 25 ശതമാനമായി ക്രമപ്പെടുത്തുന്നതിനായി നിലവിലുള്ള കേന്ദ്ര വായ്പ ഇതനുസരിച്ച് ഗ്രാന്റായി മാറ്റുക. ഉല്പാദനക്ഷമമല്ലാത്ത വായ്പകൾ എഴുതിത്തള്ളുക.

11. പദ്ധതി ചെലവിന്റെ വർദ്ധിച്ച റവന്യൂ ചെലവ് പ്രതിഫലിപ്പിക്കുവാനുതകുന്ന തരത്തിൽ കേന്ദ്ര പദ്ധതി സഹായത്തിലെ ഗ്രാന്റ് ഘടകം 45 ശതമാനമായി ഉയർത്തണം

12. ബാഹ്യസഹായ പദ്ധതികൾക്ക് കേന്ദ്രത്തിന് ലഭിക്കുന്ന സഹായകരമായ വ്യവസ്ഥകളിൽ തന്നെ ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് ലഭ്യമാക്കുക

13. ചെറുകിട സമ്പാദ്യനിധികളിൽ നിന്നുള്ള വായ്പകൾ സ്ഥിരം വായ്പകളായി കണക്കാക്കുക.

(സി) ഇല്ല.

13 (301) സംസ്ഥാനത്തിന് അർഹമായ കേന്ദ്രവിഹിതം ലഭിക്കുന്നില്ലെന്ന പരാതി

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിഹിതം നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡത്തിന്റെ അശാസ്ത്രീയതയും, ന്യൂനതയും മൂലം കേരളത്തിനർഹമായ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല എന്ന കാര്യം സംസ്ഥാനം സന്ദർശിച്ച 11-ാം ധനകാര്യ കമ്മീഷനെ സർക്കാർ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) ആദായ നികുതിയിനത്തിലും എക്സൈസ് ഡ്യൂട്ടി ഇനത്തിലും 10-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച വിഹിതം 7-ാം ധനകാര്യ കമ്മീഷൻ അനുവദിച്ചതിലും കുറഞ്ഞ ശതമാനമാണെന്ന കാര്യം നിവേദനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 9-ാം ധനകാര്യ കമ്മീഷൻ സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ കമ്മി വിലയിരുത്തിയതും നികുതിയേതര റവന്യൂ വരുമാനത്തിലെ വളർച്ചാ നിരക്ക് കണക്കാക്കിയതും യഥാർത്ഥ്യമല്ലെന്ന് കാര്യം കമ്മീഷൻ മുൻപാകെ അവതരിപ്പിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന കടം തിരിച്ചടയ്ക്കുന്നതിന് അനുഭവിയ്ക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് സംസ്ഥാന പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായം 50% വായ്പയും 50% ഗ്രാന്റുമായി കണക്കാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻപ് നിലവിലുണ്ടായിരുന്ന 85% ആദായ നികുതി വിഹിതം പത്താം ധനകാര്യ കമ്മീഷൻ 77.5% ആയി കുറച്ചത് വീണ്ടും 85% ആയി ഉയർത്തണമെന്നും എക്സൈസ് ഡ്യൂട്ടിയുടെ വിഹിതം നിലവിലുള്ള 40%എന്നത് 47.5% ആയി ഉയർത്തണമെന്ന ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനു ലഭിയ്ക്കുന്ന കേന്ദ്രസഹായം വിഹിതം 45% ആയി വർദ്ധിപ്പിയ്ക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

14 (302) കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി, ജലസേചനം എന്നീ വകുപ്പുകളിലെ കരാറുകാർക്ക് ഇപ്പോൾ എത്ര കോടി രൂപ വീതം കുടിശ്ശിക കൊടുക്കുവാനുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളിലും കരാറുകാർക്ക് എത്ര കോടി രൂപ വീതം കുടിശ്ശിക കൊടുക്കുവാൻ ഉണ്ടായിരുന്നു;

(സി) കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി)

1.	റോഡുകളും പാലങ്ങളും	-	177.07 കോടി
2.	കെട്ടിടങ്ങൾ	-	17.82 കോടി
3.	ഇറിഗേഷൻ അഡ്മിനിസ്ട്രേഷൻ	-	60.48 കോടി
4.	പ്രോജക്ട് ഒന്ന്	-	11.16 കോടി
5.	പ്രോജക്ട് രണ്ട്	-	11.17 കോടി
6.	പ്രോജക്ട് മൂന്ന്	-	6.75 കോടി
7.	ഇറിഗേഷൻ ഐ.സി.ആർ.ബി	-	.005 കോടി
8.	ഇറിഗേഷൻ ഇൻവെസ്റ്റിഗേഷൻ	-	35.39 കോടി
9.	നാഷണൽ ഹൈവേ	-	1.19 കോടി

(സി) പി.ഡബ്ല്യൂ.ഡി, ജലസേചനം എന്നീ വകുപ്പുകളിൽ വർക്കുകൾക്ക് ഉൾപ്പെടുത്തിയിരിക്കുന്ന മുഴുവൻ തുകയും കരാറുകാരുടെ കുടിശ്ശിക

LIBRARY ARCHIVES Kerala Legislative Assembly